മുഖാന്തിരം കേസ്സെടുക്കുന്നതിനും നടപടി കൈക്കൊള്ളാറുണ്ട്. വ്യാപകമായ വിസാ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ പത്ര വാർത്ത നൽകാറുണ്ട്. കേരളത്തിലെ അംഗീകൃത ഏജൻസികളുടെ ലിസ്റ്റ് തിരുവനന്തപുരത്തെയും എറണാകുളത്തെയും പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ഓഫീസിൽ ലഭ്യമാണ്.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള എമിഗ്രേഷൻ നിയമത്തിലെ അപാകതകൾ നീക്കുന്നതിനും വ്യാജ റിക്രൂട്ടുമെന്റുകൾ തടയുന്നതിനും സർക്കാർ നിയോഗിച്ച ജസ്റ്റീസ് സുകുമാരൻ കമ്മിറ്റിയുടെ ശുപാർശകൾ കേരള സർക്കാരിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

## വിദേശത്ത് ജോലിക്കുവേണ്ടി പോകുന്നവർക്ക് പരിശീലനം

10 [*121] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ഇ. എം. അഗസ്തി:
,, കെ. എ. ചന്ദ്രൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിക്ക് വേണ്ടി പോകുന്നവർക്ക് പരിശീലനം കൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഗണത്തിൽപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്;

(സി) ഏത് വിധത്തിലുള്ള പരിശീലനമാണ് നൽകുന്നത് എന്നും പരിശീലനത്തിന്റെ കാലദൈർഘ്യം എത്രയാണ് എന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ—സി) വിദേശത്ത് ജോലി തേടി പോകുന്നവർക്കായി ഒരു തൊഴിൽ പരിശീലനകേന്ദ്രം കൊച്ചിയിൽ ആരംഭിക്കുകയുണ്ടായി. നോർക്കയും എസ്. സി. എം.എസ്. ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് സംയുക്ത സംരംഭമായിട്ടാണ് നോർക്ക എസ്. സി. എം. എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാരാ മെഡിക്കൽ ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനം തുടങ്ങിയത്. 2005-ൽ അന്നത്തെ പ്രവാസികാര്യ മന്ത്രി ശ്രീ. ജഗദീഷ് ടൈറ്റ്ലർ ഉദ്ഘാടനം ചെയ്തു. ഇവിടെ പ്രധാനമായും രണ്ട് ട്രെയിനിംഗ് പ്രോഗ്രാമുകളാണ് നടത്തുന്നത്.

(1) സി.ജി. എഫ്. എൻ. എസ്. ട്രെയിനിംങ്ങ് പ്രോഗ്രാം: ഈ പ്രോഗ്രാമനുസരിച്ച് ഗ്രാജുവേറ്റ് നഴ്സുമാർക്ക് അമേരിക്കയിലെ സി. ജി. എഫ്. എൻ. എസ്., എൻ. സി. എൽ. ഇ. എക്സ്. (NCLEX) എന്നീ കോഴ്സുകൾക്ക് നടത്തുന്ന പരീക്ഷകൾക്ക് പരിശീലനം നൽകുക, ടി. ഒ. ഇ. എഫ്. എൽ. (TOEFL), ഐ. ഇ. എൽ. ടി. ഇ. എസ്. (IELTS) എന്നീ കോഴ്സുകൾക്ക് ട്രെയിനിംഗ് നൽകുക എന്നിവയാണ് സി. ജി. എഫ്. എൻ. എസ്. ട്രെയിനിംഗ് പ്രോഗ്രാം കൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ കാലദൈർഘ്യം ഒരു മാസം മുതൽ മൂന്ന് മാസം വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) വിദേശത്ത് ജോലി തേടി പോകുന്ന ആയമാർക്കുള്ള (ഹൗസ് മേഡ്സ്) ട്രെയിനിംഗ് പ്രോഗ്രാം: ഈ പരിശീലന പരിപാടി 2005 ജൂണിൽ ആരംഭിച്ചു. വ്യക്തിശുചിത്വം, പ്രസവരക്ഷ, ശിശുപരിപാലനം, ആധുനിക യന്ത്രങ്ങളുടെ ഉപയോഗം, പ്രഥമ ശുശ്രൂഷ എന്നിവയ്ക്ക് പുറമേ അറബി ഭാഷയിൽ അത്യാവശ്യം വേണ്ട പരിജ്ഞാനം നൽകൽ എന്നിവ ഈ ട്രെയിനിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുന്നു. രണ്ടാഴ്ച നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയിൽ 20 പേരാണ് ഓരോ ബാച്ചിലും പങ്കെടുക്കുന്നത്. ആയമാർക്ക് പരിശീലനം നൽകുന്ന പരിപാടി ഇന്ത്യയിൽ തന്നെ ആദ്യത്തെ സംരംഭമാണ്. ശ്രീലങ്ക, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിലെപ്പോലെ ആയമാർക്ക് പരിശീലനം നൽകുന്നത് നിർബന്ധമാക്കണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന് കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്. ഇതിനായുള്ള നിർദ്ദേശം കേന്ദ്ര പ്രവാസികാര്യ വകുപ്പിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നതിന് നടപടി

11 [*122] ശ്രീ. കെ. കെ. ജയചന്ദ്രൻ:

;, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കുകയുണ്ടായോ; വേതനം സംബന്ധിച്ച് നിലവിലുള്ള കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്;

(ബി) കൂലി പുതുക്കുന്നത് സംബന്ധിച്ച് നടന്ന ഏറ്റവും ഒടുവിലത്തെ ലേബർ കമ്മിറ്റിയോഗ തീരുമാനം വിശദമാക്കാമോ;

(സി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 22-6-2005-ൽ പുറപ്പെടുവിച്ചു. വേതനം സംബന്ധിച്ച് നിലവിലുള്ള കരാറിന്റെ കാലാവധി 31-3-2002-ന് അവസാനിച്ചു.

(ബി) തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കുന്നത് സംബന്ധിച്ച് ഏറ്റവും ഒടുവിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയോഗം ചേർന്നത് 23-1-2006-ൽ ആണ്. ഈ യോഗത്തിൽ പ്രാഥമിക വിജ്ഞാപനത്തിൻമേൽ മിനിമം വേതന ഉപദേശക സമിതി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അന്തിമ വിജ്ഞാപനം ഉടൻതന്നെ പുറപ്പെടുവിക്കണമെന്ന് തൊഴിലാളി പ്രതിനിധികളും ഓരോ വിളകൾക്കും പ്രത്യേകം പ്രത്യേകം ചർച്ച ചെയ്ത് വേതനം നിശ്ചയിക്കണമെന്ന് തൊഴിലുടമകളും ഉറച്ചു നിന്നതിനാൽ ഒരു തീരുമാനം ഉണ്ടായില്ല.

(സി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിച്ച് പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള പരാതികളും നിർദ്ദേശങ്ങളും ഇതുമായി ബന്ധപ്പെട്ട കോടതി വിധിയുടേയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly